# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1639 07.03.2018-ൽ മറുപടിക്ക്**

**പോലീസ് കംപ്ലയിന്റ് അതോറിറ്റി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് കംപ്ലയിന്റ് അതോറിറ്റി കുറ്റക്കാരായ പോലീസുകാരെ ശിക്ഷിക്കുന്നതിൽ എത്ര മാത്രം കാര്യക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാന-ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾക്ക് കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതിനുള്ള അധികാരം ഇല്ല. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് ശിപാർശ ചെയ്യാനുള്ള അധികാരമാണുള്ളത്. |
| (ബി) പോലീസ് കംപ്ലയിന്റ് അതോറിറ്റി പോലീസുകാർക്കെതിരെ പ്രഖ്യാപിക്കുന്ന വിധികൾ നടപ്പിലാക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുമോ; | (ബി) പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി പോലീസുകാർക്കെതിരെ നൽകുന്ന ശിപാർശകളിന്മേൽ അധികാരക്ഷമത അനുസരിച്ച് സംസ്ഥാന പോലീസ് മേധാവിയും ജില്ലാ / റെയ്ഞ്ച് പോലീസ് മേധാവിമാരും നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**